**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1925** **15-03-2022 - ൽ മറുപടിയ്ക്ക്**

**താറാവ് കർഷകർക്ക് നഷ്ടപരിഹാരം നല്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | null<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിൽ കഴിഞ്ഞ നവംബർ - ഡിസംബർ മാസങ്ങളിലുണ്ടായ പക്ഷിപ്പനിയെത്തുടർന്ന് പതിനായിരക്കണക്കിനു താറാവുകൾ ചത്തൊടുങ്ങിയതിന്റെ നഷ്ടപരിഹാരം നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | മുൻ വർഷങ്ങളിലേതുപോലെ മരണപ്പെട്ടവയും കൾ ചെയ്ത പക്ഷികൾക്കും രണ്ടുമാസത്തിലധികം പ്രായമായ പക്ഷി ഒന്നിന് 200/- രൂപ നിരക്കിലും രണ്ടു മാസത്തിൽ താഴെ പ്രായമുള്ള പക്ഷി ഒന്നിന് 100/- രൂപ നിരക്കിലും, നശിപ്പിച്ച മുട്ട ഒന്നിന് 5/- രൂപ നിരക്കിലും നഷ്ടപരിഹാരം നൽകുന്നതിന് ആവശ്യമായ നഷ്ടപരിഹാരതുക മൃഗസംരക്ഷണ വകുപ്പിന്റെ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് 10/03/2022 ലെ സ.ഉ(കൈ).14/2022/എ.എച്ച്.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | വലിയ തോതിൽ താറാവിനെ നഷ്ടപ്പെട്ട പല കർഷകർക്കും നഷ്ടപരിഹാരം ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | 2014 മുതൽ 2020 ജനുവരി മാസം വരെ സംസ്ഥാനത്തുണ്ടായ പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മുഴുവൻ നഷ്ടപരിഹാരവും കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ പ്രസ്തുത നടപടിയുമായി ബന്ധപ്പെട്ട പരാതികൾ ഒന്നും തന്നെയില്ല. |
| (സി) | സാങ്കേതിക കാരണങ്ങൾ പറഞ്ഞ് കാലതാമസം വരുത്താതെ അർഹതപ്പെട്ട നഷ്ടപരിഹാരം ഉടൻ നല്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | അർഹതപ്പെട്ട നഷ്ടപരിഹാരം അനുവദിക്കുന്നതിന് 10/03/2022 ലെ സ.ഉ(കൈ).14/2022/എ.എച്ച്.ഡി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുക അടിയന്തിരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഇത് സംബന്ധിച്ച് താറാവ് കർഷകർ ഉന്നയിക്കുന്ന ആക്ഷേപങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ഡി) | പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് താറാവ് കർഷകർ ഉന്നയിക്കുന്ന എല്ലാ ആക്ഷേപങ്ങളിലും വിശദമായ അന്വേഷണം നടത്തി യഥാസമയം നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ